# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T 2037 18.07.2016 ൽ മറുപടിക്ക്**

## പി.ഡബ്ല്യു.ഡി. ക്വാർട്ടേഴ്സുകൾ

| ചോദ്യം<br>ശ്രീ.സി.കെ.ഹരീന്ദ്രൻ | ഉത്തരം<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) മന്ത്രിമാർ, സ്പീക്കർ തുടങ്ങിയവരുടെ പേഴ്സണൽ സ്റ്റാഫിൽ അംഗമായിട്ടുള്ളവർക്ക് താമസ സൗകര്യം ഒരുക്കുന്നതിന് തിരുവനന്തപുരത്ത് പി.ഡബ്ല്യു.ഡി. എത്ര ക്വാർട്ടേഴ്സുകൾ നീക്കിവെച്ചിട്ടുണ്ടായിരുന്നുവെന്ന് വെളിപ്പെടുത്താമോ; | (എ) അലോട്ട്മെന്റ് ആന്റ് ഒക്യുപേഷൻ ഓഫ് ഗവണ്മെന്റ് സെർവന്റ്സ് ക്വാർട്ടേഴ്സ്, 2006 എന്ന ചട്ടത്തിലെ റൂൾ 10 പ്രകാരം മന്ത്രിമാർ, സ്പീക്കർ തുടങ്ങിയവരുടെ പേഴ്സണൽ സ്റ്റാഫിന് 75 ക്വാർട്ടേഴ്സുകൾ അനുവദിച്ചിട്ടുണ്ട്. ഇതിനായി പ്രത്യേകമായി ക്വാർട്ടേഴ്സുകൾ നീക്കിവച്ചിട്ടില്ല. ഒഴിവുള്ള ക്വാർട്ടേഴ്സുകളിൽ നിന്നാണ് ഇവ അനുവദിച്ചു വരുന്നത്. |
| (ബി) പ്രസ്തുത ക്വാർട്ടേഴ്സുകൾ ഏതെല്ലാമാണെന്നും അതിൽ ആരെല്ലാമാണ് ഇപ്പോൾ താമസിക്കുന്നതെന്നും അറിയിക്കുമോ; | (ബി) സർക്കാർ ക്വാർട്ടേഴ്സുകളിൽ ഇപ്പോൾ താമസിക്കുന്ന പേഴ്സണൽ സ്റ്റാഫുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) പേഴ്സണൽ സ്റ്റാഫിന്റെ ക്വോട്ടയിൽ ലഭിച്ച ക്വാർട്ടേഴ്സുകൾ ആരെങ്കിലും മറ്റ് ജീവനക്കാരുടെ പേരിൽ മാറ്റി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ;<br>(ഡി) പേഴ്സണൽ സ്റ്റാഫിന് അനുവദനീയമായ ക്വാർട്ടേഴ്സുകൾ തിരിച്ചു പിടിക്കുന്നതിനും അനർഹമായി കൈവശം വെച്ച് താമസിക്കുന്നവരെ ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) & (ഡി) പേഴ്സണൽ സ്റ്റാഫിന്റെ ക്വോട്ടയിൽ ലഭിച്ച ക്വാർട്ടേഴ്സുകൾ ആരെങ്കിലും മറ്റ് ജീവനക്കാരുടെ പേരിൽ മാറ്റി നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സർക്കാർ ക്വാർട്ടേഴ്സുകൾ അനർഹമായി കൈവശം വെച്ച് താമസിക്കുന്നവരെ ഒഴിവാക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പും റവന്യൂ വകുപ്പും സംയുക്തമായി സ്വീകരിച്ചു വരുന്നു. |

Siradev

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**